"ഭരണഭാഷ - മാതൃഭാഷ"

നം:-എം2/15467/2025/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 29-09-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) ഉറുദു/ഹിന്ദി (ജനറൽ)/സംസ്കൃതം - 2025-27 പ്രവേശനം - സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 01/08/2025 തീയതിയിലെ വിജ്ഞാപനം

***********

2025-27 വർഷം ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ- ഉറുദു/ഹിന്ദി (ജനറൽ)/സംസ്കൃതം കോഴ്സിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനായി സൂചന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ പ്രവേശനം ലഭിക്കുന്നതിന് അർഹരായവരുടെ പേരുവിവരവും സ്ഥാപനങ്ങളുടെ പേരും ഉൾപ്പെട്ട വിശദമായ ലിസ്റ്റുകൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഹയർ സെക്കണ്ടറി/ തത്തുല്യ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെയും സാമുദായിക സംവരണ തത്വത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനത്തിന് അർഹരായവരുടെ ലിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സർട്ടിഫിക്കറ്റുകളുടെ അസൽ അതാത് സ്ഥാപനങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം പ്രവേശനം അനുവദിക്കാൻ സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റ് പരിശോധനയിൽ സൂചന വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ ഇല്ലായെങ്കിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതും പ്രവേശനം നിരസിക്കുന്നതുമാണ്.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ചുവടെ ചേർക്കുന്ന തീയതിയ്ക്കകം ബന്ധപ്പെട്ട സ്ഥാപനത്തിൽ സർട്ടിഫിക്കറ്റുകളുടെ അസൽ, ടിസി മുതലായ രേഖകളുമായി നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. അപേക്ഷകർക്ക് പ്രത്യേകമായി മെമ്മോ/കത്ത് അയയ്ക്കുന്നതല്ല. കോഴ്സിന്റെ കാലാവധി രണ്ട് വർഷമാണ്.

**റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 2025 ഒക്ടോബർ 7 നകം ബന്ധപ്പെട്ട സ്ഥാപനത്തിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. ക്ലാസ്സുകൾ 2025 ഒക്ടോബർ 8ന് തന്നെ ആരംഭിക്കേണ്ടതാണ്.**

പൊതു നിർദ്ദേശങ്ങൾ:-

സൂചന വിജ്ഞാപനത്തിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണം

സ്ഥാപനമേധാവികൾ പ്രവേശനം നടത്തേണ്ടത്. വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പ്ലസ് 2 വിന് തുല്യമായ മറ്റ് കോഴ്സുകൾ പഠിച്ചിട്ടുള്ളവർ തുല്യതാ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. ഈ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതികളിൽ സ്ഥാപനങ്ങളിൽ ഹാജരായി പ്രവേശനം നേടാത്തവർക്ക് അവരുടെ അവസരം നഷ്ടമാകുന്നതാണ്. അപേക്ഷകരും സ്ഥാപനമേധാവികളും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതും അർഹരായ അപേക്ഷകരുടെ പ്രവേശനത്തിനുള്ള അവസരം നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റുകൾ

സ്വീകർത്താവ്:

1. പ്രിൻസിപ്പാൾ , ഗവ. റ്റി റ്റി ഐ മലപ്പുറം.
2. പ്രിൻസിപ്പാൾ , ഗവ. റ്റി റ്റി ഐ ഫോർ വിമൻ കോഴിക്കോട്
3. പ്രിൻസിപ്പാൾ , ഡയറ്റ്, കോഴിക്കോട്
4. പ്രിൻസിപ്പാൾ , റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം.
5. പ്രിൻസിപ്പാൾ , ഗവ. ഹിന്ദി ടീച്ചർ ട്രെയിനിംഗ് രാമവർമ്മപുരം, തൃശ്ശൂർ

പകർപ്പ്:

1. 
   1. സി ഇ ഒ കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
   2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
   3. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)/ പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ(അക്കാദമിക്)/ വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) - സി എ മുഖേന
   4. കരുതൽ ഫയൽ

Signed by
Umesh N S K
Date: 29-09-2025 16:09:34